**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ആസ്തി വികസന പദ്ധതി - (എൽ.എ.സി-എ.ഡി.എസ്) - കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി നിയോജകമണ്ഡലത്തിലെ കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമപഞ്ചായത്തിൽ വോളിബോൾ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് - ഭരണാനുമതി നൽകി ഉത്തരവ്- പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(സാധാ)നം. 3208/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 25.11.2016**

---

പരാമർശം :
1) സ.ഉ (അച്ചടി) നം. 332/2012/ധന, തീയതി 11.06.2012.
2) സ.ഉ (സാധാ) നം. 231/2014/തസ്വഭവ, തീയതി 25.01.2014.
3) സ.ഉ (സാധാ) നം. 2333/2016/തസ്വഭവ, തീയതി 03.08.2016.
4) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 29/01/2015 ലെ ഡി.ബി.5/10883/13/സിഇ/തസ്വഭവ നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ശ്രീ. റ്റി.വി. രാജേഷ് എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൻ കീഴിൽ കല്യാശ്ശേരി നിയോജക മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിൽ വോളിബോൾ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയ്ക്കായി പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ 35 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചു.

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി നിയോജക മണ്ഡലത്തിലെ ശ്രീ.റ്റി.വി. രാജേഷ് എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൻ കീഴിൽ കല്യാശ്ശേരി നിയോജക മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിൽ കാര്യാട് പൊന്നച്ചേരി പാലം നിർമ്മിക്കുന്നതിന് പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം 85 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ മതിയായ ഫണ്ടിന്റെ അഭാവത്തിൽ പരാമർശം (2) ലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് കല്യാശ്ശേരി നിയോജക മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിൽ കാര്യാട് പൊന്നച്ചേരി പാലം നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും departmental formalities-ഉം പാലിച്ചുകൊണ്ട് കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ശ്രീ.റ്റി.വി. രാജേഷ് എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൻ കീഴിൽ കല്യാശ്ശേരി നിയോജകമണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിൽ വോളിബോൾ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് സമർപ്പിച്ച 35 ലക്ഷം (രൂപ മുപ്പത്തിയഞ്ച് ലക്ഷം മാത്രം) രൂപയുടെ എസ്റ്റിമേറ്റിന്മേൽ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിലേയ്ക്കാവശ്യമായ തുക 4515-00-800-96 projects under LAC-ADS എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**രമേശൻ. എം.കെ**
**ഗവ.ജോയിൻറ് സെക്രട്ടറി**

ശ്രീ.റ്റി.വി. രാജേഷ്, എം.എൽ.എ, കല്യാശ്ശേരി നിയോജകമണ്ഡലം, കണ്ണൂർ (ആമുഖ കത്ത് സഹിതം)
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എൻജിനിയർ, തദ്ദേശസ്വയംഭരണ വകുപ്പ്, കണ്ണൂർ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ& എ) കേരള
സെക്രട്ടറി, കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്ത്, കണ്ണൂർ
ധനകാര്യ വകുപ്പ് (യു.ഒ.നം. എൻ.സി.സി.3/152/2016/ധന തീയതി,03.10.2016.)
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ